
# ബൈബിൾ ടൂത്



# ALMOST FREE !

## Excellent Christian Literature

You can receive 20 books (English) worth two hundred rupees for rupees twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge, Your M. O. should be addressed to.

Editor
**THE BIBLE TEACHER**
C-22 N. D. S. E. 2
New Delhi-110049

# THE BIBLE TRUTH

**Editors**

**P. K. VARGHESE** **J. C. CHOATE**


ooo ooo ooo

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 8** **June 1994** **No. 3**

ഏതു കാലഘട്ടത്തിലും തെററായ സന്ദേശം സമൂഹത്തിൽ വളരെ നാശം വരുത്തുന്നുണ്ട്. S. S L. C. പരീക്ഷയിൽ നല്ല വിജയം ലഭിക്കും എന്നു പ്രതീക്ഷിച്ചിരുന്ന ഒരു പെൺകുട്ടിക്കു താൻ പരാജയപ്പെട്ടു എന്ന തെററായ വാർത്ത കേട്ടു. അതു ശരിയാണെന്ന് അവൾ വിശ്വസിക്കുകയും മറെറാന്നും ആലോചിക്കാതെ അവൾ ആത്മഹത്യ ചെയ്യുകയും ചെയ്തു. വാസ്തവത്തിൽ അവൾ വിജയിച്ചിരുന്നു. ആ സത്യം അറിയുവാൻ അവൾ കാത്തുനിന്നില്ല. ആത്മീയമായും തെററായ വാർത്തകൾ സമൂഹത്തിൽ പരന്നു വ്യാപിക്കുകയാണ്. ക്രിസ്തുവിന്റെ സഭയ്ക്കു അന്യഭാഷയില്ലെന്നും പരിശുദ്ധാത്മാവില്ലെന്നും പ്രചരിപ്പിക്കുന്ന വിഭാഗങ്ങൾ ഇന്നുണ്ട്. അതു തെററായ അറിവു വെച്ചുകൊണ്ടാണ് ചെയ്യുന്നത്. ക്രിസ്തുവിന്റെ സഭ വചനാനുസരണമുള്ള ഏക സഭയാണ്. ആ സഭയിലെ അംഗങ്ങൾ അന്യഭാഷയിലും പരിശുദ്ധാത്മാവിലും വിശ്വാസമുള്ളവരാണ്. പക്ഷെ അപശബ്ദങ്ങൾ ഭാഷയാണെന്നോ അതു പരിശുദ്ധാത്മാവിന്റെ അടയാളമാണെന്നോ പറഞ്ഞാൽ അതു വിശ്വസിക്കത്തക്ക മൗഢ്യത ഉള്ളവരല്ല കർത്താവിന്റെ സഭയിലുള്ളവർ. സത്യം സത്യമായിട്ടു വിശ്വസിക്കയും അതിൽ മാത്രം ഉറച്ചു നിൽക്കയും ചെയ്യുന്നവരാണ് ക്രിസ്തുവിന്റെ സഭയിലുള്ളവർ.



# അസ്തോദ്യഭാഷ

## J. C. ചോട്ട്

തന്നെ ആദരിച്ച്, ആരാധിച്ച് സേവിക്കേണ്ടതിനു ദൈവം ഒരുദേശത്തെ തന്റെ സ്വന്തജനമായി ഉയർത്തി. ഈ ദേശത്തിൽ കൂടെ ക്രമേണ ക്രിസ്തുവിനെ തന്റെ മകനായി ലോകത്തിലേക്കു അയച്ച് ലോകത്തിന്റെ പാപത്തിനായി ഒരു യാഗമായി തീരേണമെന്നും ദൈവം കരുതിയിരുന്നു.

അവർക്കുവേണ്ടി ദൈവം യുദ്ധം ചെയ്തു അവരോടു വിശുദ്ധരും നിർമ്മലരും ആയി നിലനിൽക്കുവാനും ആവശ്യപ്പെട്ടിരുന്നു. ദൈവം തന്റെ ജനത്തെ അനുഗ്രഹിച്ചിരുന്നു. അവർക്കു ചുററുമുളള ദേശക്കാരുമായി ഇടകലർന്ന് വിവാഹം നടത്തരുതെന്ന് അവൻ അവർക്കു മുന്നറിയിപ്പ് നൽകിയിരുന്നു. അവർ അങ്ങനെ ചെയ്താൽ അന്യമതക്കാരനായ ഭർത്താവിന്റെ ആലോചനക്കു കീഴ്പ്പെട്ട് അന്യദൈവങ്ങളെ ആരാധിക്കുവാൻ തിരിയും എന്നു ദൈവത്തിന് അറിയാമായിരുന്നു. പഴയ നിയമം വായിക്കുന്ന ഒരാരംക്കു ഇസ്രായേലിന്റെ ചരിത്രത്തിൽ ഇതു പലപ്പോഴും സംഭവിച്ചതായി മനസിലാക്കാം. ദൈവജനമായ ഈ ആളുകരം, മോവാബ്യരിൽ നിന്നും അമ്മോന്യരിൽ നിന്നും അസ്തോദ്യരിൽ നിന്നും ഭാര്യമാരെ എടുത്തതായി പ്രവാചകൻ അരുളിച്ചെയ്യുന്നുണ്ട്. ദൈവപുരുഷൻ രേഖപ്പെടുത്തിയിരിക്കുന്നതു ശ്രദ്ധിക്കുക.

"ആ കാലത്തു ഞാൻ അസ്തോദ്യരും അമ്മോന്യരും മോവാബ്യരും ആയ സ്ത്രീകളെ വിവാഹം കഴിച്ച യെഹൂദൻമാരെ കണ്ടു. അവരുടെ മക്കരം പാതി അസ്തോദ്യഭാഷ സംസാരിച്ചു; അവർ അതതു ജാതിയുടെ ഭാഷ സംസാരിപ്പാൻ അല്ലാതെ യെഹൂദ ഭാഷ സംസാരിപ്പാൻ അറിഞ്ഞില്ല.

അവരെ ഞാൻ ശാസിച്ചു, ശപിച്ചു അവരിൽ ചിലരെ അടിച്ചു അവരുടെ തലമുടി പറിച്ചു; നിങ്ങളുടെ പുത്രിമാരെ അവരുടെ പുത്രൻമാർക്കു കൊടുക്കരുത്; അവരുടെ പുത്രിമാരെ നിങ്ങളുടെ പുത്രൻമാർക്കോ നിങ്ങൾക്കോ എടുക്കയുമരുത് എന്നു ആജ്ഞാപിച്ചു അവരെക്കൊണ്ടു ദൈവനാമത്തിൽ സത്യം ചെയ്യിച്ചു. യിസ്രായേൽ രാജാവായ ശലോമോൻ ഇതിനാൽ പാപം ചെയ്തില്ലയോ ? അവനെ പോലെ ഒരു രാജാവ് അനേക ജാതികളുടെ ഇടയിൽ ഉണ്ടായിരുന്നില്ല. അവൻ തന്റെ ദൈവത്തിന് പ്രിയനായിരുന്നതിനാൽ ദൈവം അവനെ എല്ലാ യിസ്രായേലിനും രാജാവാക്കി. എങ്കിലും അവനെയും അന്യഭാഷക്കാരത്തികളായ ഭാര്യമാർ വശീകരിച്ചു പാപം ചെയ്യിച്ചുവല്ലൊ. നിങ്ങൾ അന്യജാതിക്കാരത്തികളെ വിവാഹം കഴിക്കുന്നതിനാൽ നമ്മുടെ ദൈവത്തോടു ദ്രോഹിക്കേണ്ടതിനു ഈ വലിയ ദോഷം ഒക്കെയും ചെയ്‌വാൻ തക്കവണ്ണം ഞങ്ങൾ നിങ്ങളെ സമ്മതിക്കുമോ എന്നു പറഞ്ഞു'' (നെഹമ്യാവ് 13:23-27).

അന്യദേശക്കാരും അന്യമതക്കാരുമായ ആളുകളുമായി സങ്കര വിവാഹം നടത്തി ഉണ്ടാകുന്ന മക്കൾ അന്യദേശക്കാരുടെ ഭാഷകൾ സംസാരിക്കുകയും അവരുടെ ആചാരങ്ങൾ അനുഷ്ഠിക്കയും ചെയ്യുന്നു. മുൻപ് നാം വായിച്ചു കേട്ട ഭാഗത്ത്, അന്യമതക്കാരുമായി വിവാഹം കഴിച്ചുണ്ടായ മക്കൾ അസ്തോദ്യഭാഷയും മററു ഭാഷയും സംസാരിച്ചിരുന്നതായി നിങ്ങൾ ശ്രദ്ധിച്ചിരിക്കുമല്ലൊ. അവരുടെ സ്വന്തഭാഷകൾ പോലും സംസാരിക്കാൻ അറിയാത്ത സാഹചര്യത്തിൽ അവർ എത്തി. ചുററുപാടും വസിക്കുന്ന ആളുകളുമായി അവർ സമ്പർക്കം പുലർത്തി കുറെ നാളുകൾ കഴിഞ്ഞപ്പോഴാണ് ഇങ്ങനെ സംഭവിച്ചത്. ഇതുപോലുള്ള സാഹചര്യത്തിൽ സ്വാധീനശക്തി വരുത്തി തീർത്തത് നൻമക്കായിട്ടല്ല; മറിച്ച് തിൻമക്കായിട്ടത്രെ. മറെറാരർത്ഥത്തിൽ പറഞ്ഞാൽ ഈ തെററായ മതാചാരങ്ങൾ കണ്ടിട്ട് ആളുകൾ ദൈ

വത്തോടു കൂടുതൽ അടുക്കുവാനോ ദൈവത്തെ കൂടുതൽ അനുസരിച്ച് ആരാധിക്കുവാനോ അവർ തയ്യാറായില്ല. പിന്നെയോ അവർ തെററുമായി പൊരുത്തപ്പെട്ട് ദൈവത്തെ വിട്ടുപോകുകയാണ് ഉണ്ടായത്. ഈ കാലത്തു നമുക്കും അങ്ങനെ സംഭവിക്കാം. മററു മതക്കാരുമായി ഇടപെട്ട് അവരുമായി വിവാഹബന്ധം പുലർത്തിയാൽ അവരുടെ സ്വാധീനത്തിൽ പലരും അകപ്പെട്ടുപോകാൻ സാദ്ധ്യത കൂടുതലാണ്. അവരെ പരിവർത്തനം ചെയ്യാമെന്ന നല്ല ഉദ്ദേശത്തോടെ ചെയ്താൽ പോലും ഫലം മറിച്ചാണ് സംഭവിക്കുന്നത്.

ഇന്നും കർത്താവിൻെറ സഭയിലെ അംഗങ്ങളായ ക്രിസ്ത്യാനികഠം ലോകപ്രകാരം ജീവിക്കുന്നവരുമായി, മതപരമായ ആളുകളോ നാമധേയ വിഭാഗങ്ങളോ ആയാൽ പോലും അവരുമായി വൈവാഹികബന്ധം പുലർത്തിയാൽ അക്ഷരികമായി കുഴപ്പം വിളിച്ചു വരുത്തുകയാണ്. സഭക്കു പുറത്തു പോയി വിവാഹം കഴിക്കുന്നവർ വിശ്വാസത്തിൽ ബലഹീനരായിരിക്കും; അല്ലെങ്കിൽ ഇതു നിശ്ചയിച്ച രക്ഷകർത്താക്കഠം ബലഹീനരായിരിക്കും. ക്രിസ്തുവിൻെറ സഭയിൽ ഉറപ്പുള്ളവരും വിശ്വാസത്തിൽ വളർന്നവരും അങ്ങനെ ചെയ്യുവാനോ ചെയ്യിക്കുവാനോ തുനിയുകയില്ല. പക്ഷെ ചിലരെങ്കിലും ഈ വിവാഹത്തിനുവേണ്ടി അവരുടെ അല്ലെങ്കിൽ മക്കളുടെ ആത്മാക്കളെ ബലി കഴിക്കുകയാണ് ചെയ്യുന്നത്. ബുദ്ധിരഹിതമായ ഈ പ്രവൃത്തി കൊണ്ട് അവരും അവർക്കുശേഷമുള്ള നിരവധി തലമുറകളും നഷ്ടപ്പെട്ടു പോകുവാൻ ഇടയാകും. അവിശ്വാസികളുമായി ഇണയില്ലാപ്പിണ കൂടരുതെന്നു പൌലൊസ് പ്രബോധിപ്പിച്ചിരിക്കുന്നതു ഓർമ്മിക്കുമല്ലൊ (2 കൊരിന്ത്യർ 6:14-18).

എന്നാൽ അനുയോജ്യരായ പങ്കാളികഠം സഭയിൽ ഇല്ലെങ്കിൽ ഒരാഠം പിന്നെ എന്തു ചെയ്യും ? യോജിച്ച ഒരാളെ സഭക്കു പുറത്തു കണ്ടെത്തിയാൽ വിവാഹനിശ്ചയത്തിന്

മുൻപു തന്നെ ആ വ്യക്തിയെ പരിവർത്തനം ചെയ്യിക്കാൻ ശ്രമം നടത്തണം. ഇതു വളരെ അധികം പേർക്കു ഗുണം ചെയ്തിട്ടുണ്ട്. നിങ്ങൾക്കും ഈ രീതി പ്രയോജനപ്പെടുത്താം. നിങ്ങളുടെയും നിങ്ങൾ വിവാഹം കഴിക്കാൻ പോകുന്ന വ്യക്തിയുടേയും ആത്മാക്കളെക്കുറിച്ച് കരുതൽ ഉണ്ടെങ്കിലേ ഇതു നടക്കയുള്ളു.

വിവാഹത്തിനുപുറമെ മറ്റൊരു വഴിയിലും മതപരമായ നമ്മുടെ സ്നേഹിതൻമാർ നമ്മെ സ്വാധീനിക്കാറുണ്ട്. നാമധേയ വിഭാഗങ്ങളെയോ മററു മതപരമായ സംഘടനകളെയോ അപേക്ഷിച്ച് കർത്താവിൻെറ സഭയിലെ അംഗങ്ങളായ നാം അംഗസംഖ്യയിൽ കുറവായിരിക്കാം. എങ്കിലും നാം അയൽക്കാർ, വിദ്യാർത്ഥികൾ, സഹപ്രവർത്തകർ എന്ന നിലയിൽ ആവശ്യമായി സഹകരിക്കേണ്ടി വരുന്നു. ഈ സമ്പർക്കത്തിൽ കൂടെ നാം നല്ല സുഹൃത്തുക്കൾ ആയി മാറുന്നു. അങ്ങനെ അവരെ കർത്താവിങ്കലേക്കു അടുപ്പിക്കുവാൻ നമുക്കു ഒരു സ്വാധീനം തുറന്നു കിട്ടുന്നുണ്ട്. എന്നാൽ നാം വചനത്തിൽ നല്ല പരിജ്ഞാനമില്ലാത്തവരെങ്കിൽ, ബലഹീനരാണെങ്കിൽ നാം അവരെ സ്വാധീനിക്കുന്നതിനുപകരം അവർ നമ്മെ സ്വാധീനിക്കും എന്നതിനു സംശയമില്ല. ഒരു പക്ഷെ അവരുടെ പള്ളിയിൽ ചേർന്നെന്നോ അവരുമായി ആത്മീയബന്ധം പുലർത്തിയെന്നോ വരികയില്ല; പക്ഷെ പടി പടിയായി അവരുടെ സ്വാധീനശക്തി നമ്മുടെ ബലഹീനതയെ വീഴ്ത്തും എന്നു പറയാതെ വയ്യ. അതു എതാണ്ട് ''അസ്തോദ്യ ഭാഷ'' സംസാരിച്ച യിസ്രായേല്യരെ പോലെയാണ്.

ഉദാഹരണമായി കർത്താവിൻെറ സഭയിൽ ഉള്ളവരുടെ സംസാരരീതി നാമധേയവിഭാഗങ്ങളുടെ രീതിയായി നിലനിൽക്കുന്നുണ്ട്. ''എവിടെ പോകുന്നു''? എന്ന ചോദ്യത്തിനു ഉത്തരമായി പള്ളിയിൽ പോകുന്നു, അഥവാ ചർച്ചിൽ പോകുന്നു എന്നു ഉത്തരം പറയാറുണ്ട്. നാമധേയ വിഭാഗങ്ങൾ എല്ലാം അവരുടെ കൂടി വരുന്ന സ്ഥലത്തെ

പള്ളി അല്ലെങ്കിൽ ചർച്ച് എന്നാണ് വിളിക്കുന്നത്. അതു വചനത്തിൽ ഇല്ലാത്ത ഒരു പ്രസ്താവനയാണ്. നാം ആരാധനക്കാണ് പോകുന്നതു. പള്ളിയിലേക്ക് അല്ല. കൂടി വരുന്ന ആലയം ചർച്ച് അല്ല; പിന്നെയോ ആരാധനക്കും ബൈബിൾ പഠനത്തിനും ഒരുമിച്ച് കൂടുന്ന ഒരു സ്ഥലം മാത്രം. പള്ളിയിൽ പോകുക എന്ന ഉപയോഗം ഇന്ന് പരക്കെ എല്ലാവരും പറയുന്നതാണല്ലൊ, അതിൽ വലിയ തെററൊന്നും കാണുന്നില്ല എന്നു വാദിച്ചേക്കാം. എന്നാൽ സാത്താൻ ഇങ്ങനെയാണ് മതപരമായ കൂട്ടങ്ങളെയും വിഭാഗങ്ങളെയും നുറുക്കികളഞ്ഞിരിക്കുന്നതു. നിസാരമായ ഒന്നിൽ തുടങ്ങി "അവരെന്തു വേണമെങ്കിലും പഠിപ്പിച്ചോട്ടെ ഞാൻ ശരിയായി ദൈവത്തെ ആരാധിച്ചാൽ പോരെ എന്നു വരെ ചിന്തിക്കാൻ തുടങ്ങുന്ന ദയനീയ കാഴ്ച നിങ്ങൾക്കു കാണാൻ കഴിയുന്നുണ്ടോ ?

അതിനു വിപരീതമായി, സഭ എന്നു പറയുന്നതു രക്ഷിക്കപ്പെട്ടവരുടെ സമൂഹമാണ്. അതു ദൈവത്തെ യഥാർത്ഥമായി ക്രിസ്ത്യാനികളായ നാം തന്നെ (മർക്കൊസ് 16:15, 16, പ്രവൃത്തി 2:38, 47). അങ്ങനെയുള്ള നാം ക്രിസ്തുവിൻെറ ആത്മീയ ശരീരമാണ്. അതാണ് കർത്താവിൻെറ ഭവനം (എഫെസ്യർ 5:23-27; 1 തിമൊഥെയോസ് 3:15; എബ്രായർ 3:1-6; കൊലൊസ്യർ 1:18; എഫെസ്യർ 1:22, 23). ആകയാൽ ആരാധനയെ സംബന്ധിച്ച് കർത്താവിൻെറ സഭയെ നാം ചെറുതാക്കി ഒരു നാമധേയ വിഭാഗത്തെപോലെയാക്കി മാററരുതു. ചില ഉപദേഷ്ടാക്കൻമാർ പോലും ചർച്ചിൽ പോകുന്നു എന്ന ഉപയോഗം നടത്തുന്നതു സാധാരണ സംഭവമായി തീർന്നിരിക്കുന്നതു ഉൽക്കണ്ഠാകുലമാണ് എന്നു ഞാൻ തുറന്നു പറയട്ടെ നാം തിരുവെഴുത്തിലെ ഭാഷ പഠിച്ച് അതിലേക്കു തിരിച്ചുവരണം. നാം മതഭ്രാന്തൻമാരായി തീരണമെന്നോ അതിരു കവിഞ്ഞവരായി തീരണമെന്നോ അല്ല ഞാൻ പറയുന്നതു. കർത്താവിൻെറ ജനമായ നാം കർത്താവിൻെറ അരുള

പ്പാട് സംസാരിക്കുന്നവരായിരിക്കണം (1 പത്രൊ. 4:11). അപ്രകാരം നാം പരിശീലിച്ചില്ലെങ്കിൽ ക്രമേണ സത്യത്തിൽ നിന്നും അകന്നു നമ്മുടെ അയൽക്കാരായ മതവിഭാഗക്കാരെ പോലെ മാറും. അവരെവിടെ നിൽക്കുന്നു എന്ന് നമുക്കു കാണാൻ കഴിയും. തീർച്ചയായും നാം അവരെ പോലെ ആകരുതു എന്ന ആഗ്രഹത്തോടെ പറയുകയാണ്.

അസ്തോഭ്യഭാഷ സംസാരിക്കുന്നതിനു തുല്യമായ മറ്റൊരു ഉദാഹരണമാണ് ''എന്റെ സഭ'', ''നമ്മുടെ സഭ'' എന്നീ പ്രയോഗങ്ങൾ, സഭ എനിക്കുള്ളതല്ല എന്നാണ് എന്നെ എല്ലായ്പ്പോഴും വചനം പഠിപ്പിച്ചിട്ടുള്ളതു. അതിനാൽ സഭയെ എന്റെ സഭ എന്ന് അവകാശപ്പെടുവാൻ എനിക്ക് യാതൊരു കഴിവുമില്ല. അതിലെ ഒരംഗമായി തീർന്നതിനാൽ ഞാൻ ആദരണീയനാണെന്നു പറയാം. എന്നാൽ അതു ക്രിസ്തുവിനുള്ളതാണ് (മത്താ. 16:18). അവനാണ് ആ സഭയ്ക്കുവേണ്ടി മരിച്ചതു (എഫെസ്യർ 5:25), സഭയുടെ തലയും അടിസ്ഥാനവും അവൻ തന്നെ (കൊലോസ്യർ 1:18; 1 കൊരിന്ത്യർ 3:11). അതുകൊണ്ട് സഭ അവന്റെ പേർ ധരിച്ചിരിക്കുന്നു (റോമർ 16:16). അപ്പോൾ ഈ സഭ എങ്ങനെ എന്റേതാകും ? ഞാൻ അതു പണിയുകയോ അതിനുവേണ്ടി മരിക്കയോ ചെയ്തിട്ടില്ല; അതിനെ രക്ഷിപ്പാനും എനിക്കു കഴിയുകയില്ല. സഭയിലെ അംഗങ്ങൾ എന്ന നിലക്ക് സഭയെ സംബന്ധിച്ച് ഏററവും നല്ല രീതിയിൽ സംസാരിക്കേണ്ടവരാണ്. നാം ക്രിസ്തുവിന്റെ സഭ എന്നു നാം അതിനെ വിളിക്കുമ്പോൾ അതു ക്രിസ്തുവിനുള്ളതു എന്നു സൂചിപ്പിക്കുകയാണ് ചെയ്യുന്നതു.

ചിലപ്പോൾ പറഞ്ഞുകേൾക്കാറുള്ള പ്രയോഗങ്ങളാണ് ''ചർച്ച് ഓഫ് ക്രൈസ്ററുകാർ, ചർച്ച് ഓഫ് ക്രൈസ്റ്റ് സഭ, ചർച്ച് ഓഫ് ക്രൈസ്ററ് ഉപദേഷ്ടാക്കൻമാർ എന്നിവയെല്ലാം. ഇതെല്ലാം തെറെറന്നോ അവർ ചെയ്യുന്നതെല്ലാം തെററാണെന്നോ അല്ല ഞാൻ പറയുന്നതു അനവധി

പരിശീലനങ്ങരം വചനവിരുദ്ധമായാണ് അവർ ചെയ്യുന്നതു, ദൈവവചനത്തിൽ പഠിപ്പിച്ചിരിക്കുന്നതിനു വിരുദ്ധമായുള്ള അവരുടെ പരിശീലനങ്ങരം നാം അനുകരിക്കരുതു എന്നു നാം തീർച്ചപ്പെടുത്തണം. ശുദ്ധമായ തിരുവചന ഭാഷയായിരിക്കണം നാം സംസാരിക്കേണ്ടതു. നാം പറായണ്ടതു, ക്രിസ്ത്യാനികരം, സുവിശേഷ പ്രസംഗകർ, ഉപദേഷ്ടാക്കൻമാർ, മൂപ്പൻമാർ, ശുശ്രൂഷകൻമാർ, പ്രബോധകരം എന്നും ഉപദേശത്തെ ക്രിസ്തുവിൻെറ ഉപദേശം മെന്നും ആയിരിക്കണം. അല്ലാതെ ചർച്ച് ഓഫ് ക്രൈസ്ററിൻെറ ഉപദേശം എന്നും പറയാവുന്നതല്ല. ചുരുക്കമായി പറഞ്ഞാൽ തിരുവെഴുത്തിലെ പദപ്രയോഗങ്ങരം മാത്രമെ നാം സ്വീകരിക്കാവു. ഓ ഇതൊന്നും അത്ര പ്രാധാന്യമുള്ളതല്ല'' എന്നു കരുതരുതു, ദൈവത്തെ പ്രസാദിപ്പിക്കുന്ന നാം അവൻെറ ഇഷ്ടത്തെ മാനിക്കണം. നമ്മുടെ വാക്കുകളാൽ അവൻ നമ്മെ നീതീകരിക്കുന്നവനാണ് എന്നു നാം ഓർമ്മിക്കണം. നമ്മുടെ വാക്കുകരം പോലും യേശുക്രിസ്തുവിൻെറ അധികാരപ്രകാരം ആയിരിക്കണം (കൊലൊസ്യർ 3:17).

അസ്തോദ്യഭാഷ ഉപയോഗിക്കുമ്പോരം അതു ആരംഭം മാത്രമെ ആകുന്നുള്ളു. ഇതുപോലുള്ള സംസാരം തുടങ്ങുന്നതോടെ നമുക്കു ചുററുപാടുള്ളവരായ മതപരമായ സ്നേഹിതരെ പോലെ നാം പ്രവർത്തിക്കുവാൻ അധികനാരം വേണ്ടി വരികയില്ല. ക്രിസ്തുവിൻെറ സഭ മറെറാരു നാമധേയ വിഭാഗമായി തോന്നാനിടയാക്കുന്നതു, മററുള്ള വിഭാഗക്കാരുമായി സമ്പർക്കം പുലർത്തുമ്പോഴാണ്. അവരെ സഹോദരൻമാർ എന്നു സംബോധന ചെയ്‌വാനും അങ്ങനെ തുടങ്ങും. ''സഭയിൽ ചേരുന്നതിനെ''ക്കുറിച്ച് നാം സംസാരിച്ചേക്കാം. പക്ഷെ ദൈവവചനത്തിൽ പറഞ്ഞിരിക്കുന്നതു, കർത്താവു രക്ഷിക്കപ്പെടുന്നവരെ സഭയോടു ചേർത്തുകൊണ്ടിരുന്നു എന്നാണ് (പ്രവൃ. 2:47). ക്രിസ്തുവിൻെറ സഭയിലേക്കു ആളുകരം ചേരുകയല്ല

മറിച്ച് ക്രിസ്തു ചേർക്കുകയാണ് ചെയ്യുന്നതു. നാമധേയവിഭാഗങ്ങളാണ് ആളുകളെ വിഭാഗത്തിലേക്കു ചേർക്കുന്നതു. അതിനുള്ള നിബന്ധന അവർ തന്നെ നിശ്ചയിക്കുകയാണ്.

ചിലർ ക്രിസ്തുമസും ഈസ്ററും ആഘോഷിക്കാൻ തയ്യാറായേക്കാം. ചിലർക്കു വാദ്യമേളങ്ങൾ പാട്ടു പാടുമ്പോൾ ആരാധനാ സമയത്തു പ്രയോഗിക്കാൻ താൽപര്യം ജനിച്ചേക്കാം. ദൈവീക അരുളപ്പാടുകളെ മാനിക്കുന്ന നാം അതിൽ പറയാത്ത കാര്യങ്ങളെ എടുക്കുവാൻ താൽപര്യം കാണിക്കുന്നതു എന്തിനാണ് ? ബൈബിളിനു അന്യമായ ആശയങ്ങൾ നമ്മെ സ്വാധീനിക്കരുതു. ക്രിസ്തുവിൻെറ സഭയിലെ ഉപദേഷ്ടാക്കൻമാർ അറിയപ്പെടേണ്ടതു ഉപദേഷ്ടാക്കൻമാർ എന്നും സുവിശേഷകൻമാർ എന്നും ആയിരിക്കണം. പാസ്ററർ എന്നോ പ്രീസ്ററ് എന്നോ അറിയപ്പെടാതെ നോക്കണം. നാം ശ്രേഷ്ഠതയുള്ളവരാണ് ആ മാന്യത നാം ഇല്ലാതാക്കരുതു. ദൈവവചന പരിജ്ഞാനം ഇല്ലാതാകുമ്പോൾ അല്ലെങ്കിൽ അതിൽ ഉള്ള തീർച്ച മററുള്ളവരെ ബോധ്യമാക്കാതാവുമ്പോൾ നാം അറിയാതെ തന്നെ തെററിനെ ന്യായീകരിക്കയാവും. നമ്മുടെ പ്രബോധനം ദൈവത്തിൻേറതാണെങ്കിൽ യാതൊരു വിട്ടുവീഴ്ച്ചയും ഇത്തരം കാര്യങ്ങളിൽ കാണിക്കാതിരിക്കുമ്പോൾ നാം സത്യത്തെ അനുസരിക്കുന്നവരാണ് പക്ഷെ മതപരമായ മററു സുഹൃത്തുക്കളുടെ പ്രസ്താവനകളെയും ആചാരങ്ങളെയും പിൻപററിയാൽ പടിപടിയായി സത്യത്തിൽ നിന്നും നാം അകന്നു പോകും. പിന്നീട് നമ്മുടെ അടയാളം പോലും മാറിപോകും. ബൈബിളിൽ വായിക്കുന്ന സഭയുടെ മാതൃക സൂക്ഷിക്കേണ്ടതു കർത്താവിനെ സ്നേഹിക്കുന്നവരുടെ കർത്തവ്യമാണ്.

ഇസ്രായേലിൻെറ ചരിത്രത്തിൽ ഇത്തരം സംഭവങ്ങൾ ആവർത്തിച്ചാവർത്തിച്ച് നടന്നതായും അതിൻെറ വിലയാ

യി അവർക്കു കൊടുക്കേണ്ടി വന്നതു അവരുടെ വിശ്വാസ ത്യാഗമായിരുന്നുവെന്നും നമുക്കു കാണാൻ കഴിയുന്നുണ്ട്. കർത്താവിൽ നിന്നും അവൻെറ ഉപദേശത്തിൽ നിന്നും അതിർ കടന്നു പോകുന്നതിനെ യേശുക്രിസ്തുവും, പൌലൊസും പത്രൊസും യോഹന്നാനും മുന്നറിയിച്ചിരിക്കുന്നതു എത്രമാത്രം അന്വർത്ഥമാണ് ? വഞ്ചനാപരമായ സ്വാധീനത്തിനും തെററിനും എതിരെ നമ്മെത്തന്നെ സൂക്ഷിക്കുവാനും ജാഗ്രതയോടെ ഇരിപ്പാനും ഞാൻ അപേക്ഷിക്കുകയാണ്. ഏററവും കൂടുതൽ ദ്രോഹമുണ്ടാക്കുന്നതു പലപ്പോഴും വലിയ കാര്യങ്ങളായിരിക്കയില്ല. മറിച്ച് അപ്രധാനമെന്നു തോന്നുന്ന നിസ്സാര സംഗതികളായിരിക്കും നമ്മളിൽ ഉപദ്രവകാരികളായി മാറുന്നതു. ഇവക്കു നമ്മെ ദൈവത്തിൽ നിന്നും അവസാനമായി വേർപിരിക്കുവാനും കഴിയും എന്ന് ഓർക്കണം.

സത്യം കേൾക്കുവാനും, വിശ്വസിക്കുവാനും അനുസരിക്കുവാനും, ജീവിതത്തിൽ വിശ്വസ്തതയുള്ളവനും സത്യം പ്രഖ്യാപിക്കുന്നവനും ആകേണ്ടതിനു ദൈവം നമ്മെ സഹായിക്കട്ടെ. നമ്മെ സ്വതന്ത്രരാക്കിയതു സത്യമാണ്; സ്വതന്ത്രരാക്കിക്കൊണ്ടിരിക്കുന്നതും സത്യമാണ്. സത്യം നമ്മെ സ്വതന്ത്രരാക്കുകയും ചെയ്യും. സത്യം നാം സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിനോടു കൂട്ടുകയോ അതിൽ നിന്നു എന്തെങ്കിലും എടുത്തു മാററുകയോ ചെയ്തുകൊണ്ടിരിക്കേണ്ട ആവശ്യം ഉദിക്കുന്നില്ല. ദൈവം നമുക്കു തന്നതുപോലെ ആ സത്യത്തെ അങ്ങനെ തന്നെ വിടുക, അതു നൽകുന്ന അനുഗ്രഹവും പ്രത്യാശയും ആസ്വദിക്കാൻ അങ്ങനെ സംഗതി വരും.

★

സ്ത്രീകൾക്കുമാത്രം

# വരൂ, നമുക്കു കർത്താവിനെ ആരാധിക്കാം

## ബെററി B. C.

വരുവിൻ, നാം വണങ്ങി നമസ്ക്കരിക്ക, നമ്മെ നിർമ്മിച്ച യഹോവയുടെ മുമ്പിൽ മുട്ടുകുത്തുക (സങ്കീ. 95:6).

പുതിയ കാലയളവിലെ ആരാധനയെ പരാമർശിച്ചു കൊണ്ട് കർത്താവ് വിവരിക്കുന്നതു: സത്യനമസ്ക്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കുന്ന നാഴിക വരുന്നു (യോഹന്നാൻ 4:23).

പാരമ്പര്യപ്രകാരമുള്ള നമ്മുടെ പഴയ നമസ്ക്കാരത്തെ മാററി നിർത്താം. ഇന്നു കർത്താവിൻെറ സഭയിലെ ധാരാളം പേർക്കു സുപരിചിതമായിരുന്നു അവയെല്ലാം. പക്ഷെ യഥാർത്ഥമായ ആരാധന ദൈവവചനത്തിൽ ദൈവം വിവരിച്ചിരിക്കുന്ന ആരാധനയിലേക്കു നമ്മുടെ മനസ്സിനെ തിരിക്കാം.

ഉൽപത്തി 24:26_ അപ്പോൾ ആ മനുഷ്യൻ കുനിഞ്ഞു യഹോവയെ നമസ്ക്കരിച്ചു. അബ്രഹാം ദൈവമുൻപാകെ സാഷ്ടാംഗം വീണു. യഹോവ അവനോടു സംസാരിച്ചു (ഉൽപത്തി 17:3).

സർവ്വ ഭൂവാസികളേ, യഹോവെക്കു പാടുവിൻ; നാൾക്കുനാൾ അവൻെറ രക്ഷയെ പ്രസ്താവിപ്പിൻ. യഹോവെക്കു അവൻെറ നാമത്തിൻെറ മഹത്വം കൊടുപ്പിൻ. കാഴ്ചയുമായി അവൻെറ സന്നിധിയിൽ ചെല്ലുവിൻ. വിശുദ്ധഭൂഷണം ധരിച്ചുകൊണ്ടു യഹോവയെ നമസ്ക്കരി

പ്പിൻ യിസ്രായേലിൻ ദൈവമായ യഹോവ എന്നും എന്നേക്കും വാഴ്ത്തപ്പെട്ടവൻ. സകല ജനവും ആമേൻ എന്നു പറഞ്ഞു യഹോവയെ സ്തുതിച്ചു (1 ദിനവൃത്താന്തം 16: 23, 26, 29, 36).

സങ്കീർത്തനം 66:4- സർവ്വ ഭൂമിയും നിന്നെ നമസ്ക്കരിച്ചു പാടും; അവർ നിന്റെ നാമത്തിനു കീർത്തനം പാടും.

സങ്കീർത്തനം 99:5- നമ്മുടെ ദൈവമായ യഹോവയെ പുകഴ്ത്തുവിൻ. അവന്റെ പാദപീഠത്തിങ്കൽ നമസ്ക്കരിപ്പിൻ, അവൻ പരിശുദ്ധൻ ആകുന്നു.

നാം അവന്റെ തിരുനിവാസത്തിലേക്കു ചെന്നു അവന്റെ പാദപീഠത്തിങ്കൽ നമസ്ക്കരിക്ക (സങ്കീ. 132:7).

അവന്റെ ഹൃദയരഹസ്യങ്ങളും വെളിപ്പെട്ടുവരും അങ്ങനെ അവൻ കവിണ്ണുവീണു ദൈവം വാസ്തവമായി നിങ്ങളുടെ ഇടയിൽ ഉണ്ടെന്നു ഏററു പറഞ്ഞു ദൈവത്തെ നമസ്ക്കരിക്കും (1 കൊരിന്ത്യർ 14:25).

ഇരുപത്തിനാലു മൂപ്പൻമാരും എന്നേക്കും ജീവിക്കുന്നവനായ ദൈവത്തെ വണങ്ങി നമസ്ക്കരിച്ചു (വെളി. 5:14).

യേശുക്രിസ്തുവിനെ പരീക്ഷിക്കുന്ന സാത്താനു പോലും അറിയാമായിരുന്നു അവൻ ആരെ നമസ്കരിക്കണമെന്ന്. എന്നെ വീണു നമസ്ക്കരിച്ചാൽ ഈ കാണുന്നതൊക്കെയും ഞാൻ നിനക്കു തരാം എന്നാണ് പിശാച് കർത്താവിനോടു പറഞ്ഞതു. നിന്റെ ദൈവമായ കർത്താവിനെ മാത്രമെ നമസ്ക്കരിക്കാവു എന്ന കർത്താവിന്റെ മറുപടി ആഴത്തിൽ ചിന്തിക്കേണ്ടതാണ്.

ആരെയും കുററപ്പെടുത്തുവാനോ വിമർശിക്കുവാനോ അല്ല ഞാനിതു പറയുന്നതു. എന്നാൽ നമ്മുടെ ദൈവീകാരാധനയെ സംബന്ധിച്ച് ഒരു ആത്മപരിശോധന നമ്മുക്കു അനിവാര്യമാണ്. ദൈവസന്നിധിയിൽ സ്വീകാര്യമായ ആരാധന ഒന്നു മാത്രമാണെന്നു ക്രിസ്തു തറപ്പിച്ചു പറഞ്ഞിട്ടുണ്ട്. ദൈവം ആത്മാവാകുന്നു അവനെ നമസ്കരിക്കുന്നവർ സത്യത്തിലും ആത്മാവിലും നമസ്ക്കരിക്കണം (യോഹന്നാൻ 4:24).

ചർച്ച് ബിൽഡിങ്ങിലെ എൻെറ ഇരിപ്പിടത്തിൽ ഞാൻ ഇരുന്നുകൊണ്ട് ധ്യാനനിരതയായി മാനസികമായും വൈകാരികമായും ആത്മീയാരാധനയുടെ ഘടകങ്ങളായ പാട്ട്, പ്രാർത്ഥന, അപ്പം നുറുക്കൽ, വചനകേൾവി, ധർമ്മശേഖരം എന്നിവയിൽ പങ്കു ചേർന്നു അതുമായുള്ള ബന്ധത്തിൽ ഇന്നലെയും നാളെയും അതിലെ വീനോദദൃശ്യം അനുഭവിക്കുന്ന ഒരു കാഴ്ചക്കാരിയായി തീരുകയല്ലേ എന്നു തോന്നി പോകുന്നു.

പലപ്പോഴും ഞാൻ ആത്മീയമായ കാര്യങ്ങളെ മാത്രം ചിന്തിച്ചു കൊണ്ടിരിക്കും ഞാൻ ദൈവസന്നിധിയിലാണ് എന്ന ബോധ്യം പോലും മറന്നുപോകും. ഈ ആരാധനാവേളയുടെ അന്ത്യത്തിൽ ചിലപ്പോൾ ഞാൻ ആരാധിച്ചിട്ടില്ലെന്നു തോന്നിപോകും. എൻെറ പാട്ടിലും പ്രാർത്ഥനയിലും എല്ലാം ഞാൻ എൻെറ മനസിൻെറ തൃപ്തിയിൽ ലയിച്ചിരിക്കയായിരുന്നുവോ ? ഉപദേഷ്ടാവ് വചനം എടുത്തു സംസാരിച്ചപ്പോൾ എൻെറ കേൾവിയും ശ്രദ്ധയും എന്നിലായിരുന്നു. കഴിഞ്ഞയാഴ്ച്ച ചെയ്ത പ്രവൃത്തികളെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കയായിരുന്നോ ? സന്ദേശം കേൾക്കുമ്പോഴെല്ലാം എൻെറ പ്രതികരണം എന്തായിരുന്നു ? ഞാൻ എന്നിലുള്ള കുറവുകൾ കണ്ടെത്തുകയായിരുന്നോ ? അതോ പ്രസംഗത്തിലുള്ള തെററുകൾ കണ്ടെത്താൻ ശ്രമിക്കയായിരുന്നോ ? ധർമ്മശേഖരത്തിൽ ഞാൻ

കൊണ്ടുവന്ന രൂപ അതിൽ ഇട്ടുകൊണ്ട് എന്റെ പ്രവൃത്തി കഠം തീർന്നുവെന്നോ ? കർത്തൃമേശയിലെ അപ്പവും വി ഞ്ഞും കഴിച്ചു കഴിഞ്ഞപ്പോഠം ഇടവകക്കുവേണ്ടിയുള്ള എന്റെ കർത്തവ്യങ്ങഠം തീർന്നുവെന്നു കരുതിയോ ?

എന്റെ വികാരങ്ങഠംക്കും വിചാരങ്ങഠംക്കും മുൻതൂക്കം കൊടുത്തു ചെലവഴിച്ച സമയത്തിനുശേഷം അൽപമൊന്നു ചിന്തിക്കുക. ദൈവത്തോടുള്ള ബന്ധം എനിക്ക് എത്ര മാത്രം നിറവേററുവാൻ കഴിഞ്ഞു ? തന്നെത്താൻ താഴ്ത്തി സ്നേഹം പുറത്തേക്കെടുക്കാതെ ആരാധനയിൽ പങ്കെടു ത്ത എനിക്കോ മററുള്ളവർക്കോ അതുകൊണ്ട് ആത്മീയ പ്രയോജനം ലഭിക്കുന്നില്ല. നമ്മഠം ഭൗതിക ശരീരത്തിലും ഭൗതിക ലോകത്തിലുമാണ് ജീവിക്കുന്നതു. എന്നാൽ വെ റും ഒരു ചടങ്ങായി നമ്മുടെ ആരാധന അധഃപതിപ്പിക്കരു തു എന്ന അപേക്ഷയാണ് എനിക്കുള്ളതു.

ആത്മീയമായ ആസ്വാദനവും വ്യക്തിഗത ആത്മീയ വളർച്ചയും ആരാധനയിൽ നിന്ന് ഓരോരുത്തർക്കും ലഭി ക്കണം. അൽപസമയം ചാരിയിരുന്ന് വിശ്രമിക്കുന്നതി നോ ഒന്നു കണ്ണടക്കുന്നതിനോ പാരമ്പര്യമായി ആരാധന യ്ക്കു പങ്കു ചേർന്നു എന്ന തോന്നലുണ്ടാക്കുന്നതിനോ വേണ്ടിയല്ല നാം കൂടി വരുന്നതു ദൈവത്തിനു ആദരവും പുകഴ്ചയും കൊടുക്കേണ്ടതിനാണ്. അതു പൂർണ്ണ ഹൃ ദയത്തോടും പൂർണ്ണ മനസോടും പൂർണ്ണ ആത്മാവോടും കൂടെ ആയിരിക്കണം.

ദൈവശാസ്ത്രിയമായ ആരാധനയിലെ ഇടവകയോടുള്ള സ്നേഹവും വ്യക്തിപരമായ കടപ്പാടും പ്രതികരണവും അടങ്ങുന്ന ഒന്നാണല്ലൊ ധർമ്മശേഖരം. അന്ധകാരത്തിൽ കഴിയുന്നവരെ നേടുവാൻ കർത്താവ് കാണിച്ച മഹാസ്നേ ഹം കേന്ദ്രബിന്ദുവാക്കി അനേകരുടെ നാശം ഒഴിവാക്കു വാൻ നമുക്കുള്ള ആവേശം എത്രമാത്രം ഉണ്ടെന്നു ഇതു സൂചിപ്പിക്കുന്നു.

നാം ഇരുന്നാണോ നിന്നാണോ നടന്നാണോ എങ്ങനെ വേണം ആരാധിക്കുവാൻ ? തിരുവചനത്തിൽ അങ്ങനെയുള്ള നിയമങ്ങൾ ഒന്നും നൽകിയിട്ടില്ല. എന്നാൽ വായിക്കുന്ന ഭാഗങ്ങളിലെ മാതൃക നമുക്ക് എടുക്കാവുന്നതാണ്. കൂടുതൽ സമയവും ഇരിക്കുന്നതാണ് ഉത്തമം. ദൈവസന്നിധിയിൽ ആളുകൾ നിൽക്കുന്നതിനെ പരാമർശിച്ച് ബൈബിളിൽ വ്യക്തമാക്കുന്നുണ്ട്. മററുള്ള ഏതു രീതിയെക്കാളും തല വണങ്ങി ഭൂമിയെ അഭിമുഖീകരിച്ചു ആരാധിക്കുന്ന ചിത്രമാണ് വേദപുസ്തകത്തിൽ ഉള്ളതു താഴുവാനുള്ള മനുഷ്യന്റെ മനസില്ലായ്മയാണ് തലകളെ വണങ്ങാതെയുള്ള നമസ്ക്കാരം എടുത്തു കാണിക്കുന്നതു. ചിലർ മുട്ടുകുത്തി നിന്നു ആരാധിക്കാറുണ്ട്. ഇതു അധികനേരം ചെയ്യാൻ ബുദ്ധിമുട്ടുണ്ട് എന്ന കാര്യം വിസ്മരിക്കുന്നില്ല, നാം ദൈവത്തിന്റെ കയ്യിൽ വീഴുന്നതുവരെ അബ്രഹാമിന്റേയും ഹാബേലിന്റേയും ദാവീദിന്റേയും മററു പിതാക്കൻമാരുടേയും ദൈവത്തോടുള്ള ആദരവും മഹത്വവും യഥാർത്ഥമായി നമുക്ക് ആവശ്യമായിതോന്നുകയില്ല,

ആരാധന ക്രമീകരിക്കുന്നതിനെ സംബന്ധിച്ച് ബൈബിൾ എന്തു പറയുന്നു ? ദൈവശാസ്ത്രീയമായി എബ്രായ ലേഖകൻ, ഇസ്രായേൽ മക്കൾക്കു ദൈവം, ഇടിയുടേയും മിന്നലിന്റേയും മദ്ധ്യേ ഇസ്രായേൽ ജനത്തിനു പ്രത്യക്ഷനായി സഭായോഗം കൂടുന്നതു എങ്ങനെ എന്നു അരുളിച്ചെയ്യുകയുണ്ടായി.

പിന്നെയോ സീയോൻ പർവ്വതത്തിനും ജീവനുള്ള ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയ യെരൂശലേമിനും അനേകായിരം ദൂതൻമാരുടെ സർവ്വസംഘത്തിനും സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതൻമാരുടെ സഭെക്കും എല്ലാവരുടേയും ദൈവമായ ന്യായാധിപതിക്കും സിദ്ധൻമാരായ നീതിമാൻമാരുടെ ആത്മാക്കൾക്കും പുതുനിയമത്തിന്റെ മദ്ധ്യസ്ഥനായ യേശുവിനും ഹാബേലിന്റെ രക്തത്തേക്കാൾ ഗുണകരമായി സംസാരിക്കുന്ന

പുണ്യാഹരക്തത്തിനും അടുക്കൽ അത്രേ നിങ്ങൾ വന്നിരിക്കുന്നതു (എബ്രായർ 12:22-24).

ആരാധനയെ തുടർന്നു നീണ്ട ഒരു ബൈബിൾ പഠനം ആവശ്യമാണ്. പ്രായത്തിനനുസരിച്ച് അതു വേർതിരിക്കുന്നതു കൂടുതൽ പ്രയോജനപ്പെടും. ഉപദേഷ്ടാവിനും മൂപ്പൻമാർക്കും ഈ അവസരത്തിൽ അവർ പഠിച്ചതായ വേദഭാഗങ്ങളെ ഫലപ്രദമായി വിളമ്പുവാൻ അവർക്കു കഴിയുന്നു. യഥാർത്ഥമായി ദൈവത്തെ ആരാധിക്കുന്ന ഓരോ വ്യക്തിക്കും അവനവൻെറ ജീവിതവുമായി ഒത്തുനോക്കാവുന്ന രംഗമാണ് ഇതു. പ്രബോധനവും ഉപദേശവും ഇടവകയിലെ എല്ലാവർക്കും കൂടിയേ തീരൂ. അന്യോന്യമുള്ള പ്രബോധനവും ഉത്തേജനവും ദൈവത്തോടുള്ള നമ്മുടെ ബന്ധത്തെ ഊട്ടി ഉറപ്പിക്കുന്നു. ദൈവത്തെ പ്രസാദിപ്പിക്കുന്ന നമ്മുടെ ആരാധന എല്ലാവർക്കും കൊഴുപ്പുണ്ടാക്കുന്ന രീതിയിലല്ല. പിന്നെയോ ദൈവത്തിനു സ്വീകാര്യമായ രീതിയിൽ ആയിരിക്കണം.

★

# നല്ല ശമര്യൻ

**Dr. C. K. Ammon.**

യേശുക്രിസ്തു പറഞ്ഞ നല്ല ശമര്യക്കാരൻെറ ഉപമ പ്രസിദ്ധമാണല്ലോ. ലൂക്കോസിൻെറ സുവിശേഷം 10-ാം അദ്ധ്യായം 30 മുതൽ 37 വരെയുള്ള വാക്യങ്ങളിൽ ഈ ഉപമ വിവരിച്ചിരിക്കുന്നു. നാലു സുവിശേഷങ്ങളും ചേർത്തു പഠിച്ചാൽ കർത്താവ് 39 ഉപമകൾ പറഞ്ഞിട്ടുള്ളതായി കാണുവാൻ കഴിയും. നല്ല ശമര്യക്കാരൻെറ ഉപമയിൽ കർത്താവിനെ നല്ല മാർഗ്ഗദർശിയായി നമുക്കു ദർശിക്കുവാൻ കഴിയും.

യെരൂശലേമിൽ നിന്നും ഒരു യഹൂദൻ യെരീഹോവിലേക്കു പോയി. വഴി മദ്ധ്യേ വച്ച് കള്ളൻമാർ അവനെ ആക്ര

മിച്ച് കവർച്ച ചെയ്തു അർദ്ധപ്രാണനാക്കി ഉപേക്ഷി ച്ചു പോയി. മരണാവസ്ഥയിൽ കിടന്ന ആ മനുഷ്യന്റെ സമീപത്തു കൂടി ഒരു പുരോഹിതനും ഒരു ലേവ്യനും കൂടി കടന്നുപോയി. എങ്കിലും അവനെ സഹായിച്ചില്ല. എന്നാൽ യഹൂദൻമാർക്കു സംസ്സർഗമില്ലാത്തവനായ ഒരു ശമര്യക്കാരൻ ആ വഴി വന്നു. അർദ്ധപ്രാണനായ മനു ഷ്യനെ കണ്ടു മനസ്സലിഞ്ഞു തന്റെ വാഹന മൃഗത്തിൽ നിന്ന് ഇറങ്ങി എണ്ണയും വീഞ്ഞും പകർന്നു അവന്റെ മുറിവുകളെ കെട്ടി. അവനെ തന്റെ വാഹനമൃഗത്തിൽ കയററി വഴിയമ്പലത്തിൽ കൊണ്ടുപോയി രക്ഷ ചെയ്തു. പിറേറന്നാൾ അവൻ പുറപ്പെടുമ്പോൾ രണ്ട് വെള്ളിക്കാശ് എടുത്ത് വഴിയമ്പലക്കാരനു കൊടുത്തു. ഇവനെ രക്ഷ ചെയ്യേണം, അധികം വല്ലതും ചെലവിട്ടാൽ ഞാൻ മടങ്ങി വരുമ്പോൾ തന്നു കൊള്ളാം എന്ന് അവനോട് പറഞ്ഞു.

ദൈവസന്നിധിയായ യെരുശലേം വിട്ട് വഴിയാത്ര ചെയ്യുന്ന ഏതൊരു വ്യക്തിയുടേയും ചിത്രമാണ് കൊള്ള ക്കാരാൽ ആക്രമിക്കപ്പെട്ട വ്യക്തി. നാം ദൈവസന്നിധിയിൽ നിന്നകന്നാൽ കൊള്ളക്കാരുടെ കയ്യിൽ അകപ്പെടാൻ താമസ മില്ല. വഴിവക്കത്തു പതിയിരിക്കുന്ന കള്ളൻമാർ നമ്മുടെ ജീവിതപാതയിൽ നമ്മെ ആക്രമിക്കുന്നതിനു ഒളിച്ചിരി ക്കുന്ന ദുരുപദേഷ്ടാക്കളാകുന്നു. അവരുടെ കൈയിൽ അകപ്പെട്ടാൽ നമ്മുടെ ദൈവബോധവും ധാർമികചിന്തയാ കുന്ന നീതി വസ്ത്രങ്ങളഴിച്ച് പാപകൃത്യങ്ങളാകുന്ന ക ത്തികളാൽ കുത്തിമുറിവേൽപിച്ചു അർദ്ധപ്രാണരാക്കും.

## യെരീഹോ

യെരുശലേം സമുദ്രനിരപ്പിൽ നിന്ന് 2300 അടി ഉയർ ന്നു നിൽക്കുമ്പോൾ യെരീഹോവാകട്ടെ സമുദ്രനിരപ്പിൽ നിന്നും 1300 അടി താഴ്ചയിൽ യോർദ്ദാൻ താഴ്വരയിൽ കിടക്കുന്നു. B. C. 1451-ൽ യോശുവാ യെരിഹോ പട്ടണം പിടിച്ചെടുത്തെങ്കിലും പിന്നീട് യിസ്രായേലിന് ആ

സ്ഥലം നഷ്ടപ്പെട്ടു. 1967-ലെ ചരിത്രപ്രസിദ്ധമായ 6 ദിവസത്തെ യുദ്ധത്തിൽ ജോർദ്ദാനിൽ നിന്നും യിസ്രയേൽ യെരീഹോ പിടിച്ചെടുത്തു. 6 മാസത്തെ നിരന്തരമായ ചർച്ചക്കുശേഷം യിസ്രയേൽ പാലസ്തീൻ ഉടമ്പടിപ്രകാരം 5-5-1994-ൽ യെരീഹോ പാലസ്തീൻകാർക്കു വിട്ടു കൊടുത്തു. ലേഖകൻ വിശുദ്ധനാടു സന്ദർശിച്ചപ്പോൾ യെരീഹോവിന് നമ്മുടെ നാട്ടിലെ മൂന്നാർ ദേവികുളം എന്നീ സ്ഥലങ്ങളിലെ പ്രതീതി ആണ് ഉളവായത്.

## ആ വഴി ഒരു പുരോഹിതൻ വന്നു

നേരമല്ലാനേരത്തു ആ വഴിയിൽ കൂടി ഏകനായി യാത്ര ചെയ്യുവാൻ ഒരുമ്പെട്ട ആ പഥികൻ ഒരു ധീരനും സാഹസികനുമായിരിക്കണം. പുരോഹിതവർഗ്ഗക്കാരും ലേവ്യരും ജനസേവനത്തിനു സമർപ്പണം ചെയ്യപ്പെട്ടവരാണ്. അവർ കാരുണ്യവാനായ ദൈവത്തെ ദിനംപ്രതി ആരാധിക്കുന്നവരും; മനുഷ്യരോടും മൃഗങ്ങളോടും മനസ്സലിവു തോന്നണമെന്ന് ഉപദേശിക്കുന്ന ന്യായപ്രമാണം അനുസരിക്കുന്നവരെന്ന് അഭിമാനിക്കുന്നവരുമാണ്. എങ്കിലും മുറിവേററു വഴിയിൽ കിടക്കുന്ന മനുഷ്യനെ കണ്ട് അവർ മാറി കടന്നുപോയി. മതവും അതിന്റെ വ്യവസ്ഥിതികളും നിന്നെ വിട്ടുമാറി കളയുമ്പോൾ നിന്നെ കണ്ടു മനസ്സലിഞ്ഞ് അടുത്തു വരുന്ന നല്ല ശമര്യക്കാരൻ നീ വെറുത്തിരുന്ന യേശുക്രിസ്തു ആണ്. "കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കുകയും-കൃപയാലത്രെ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു'' (എഫെ. 2:4).

നിന്നെ രക്ഷിച്ച് വിട്ടുകളയുന്നവനല്ല കർത്താവ്. അവൻ നിന്നെ വഴിയമ്പലത്തിൽകൊണ്ടുചെന്നാക്കുന്നു, ആ വഴിയമ്പലത്തിൽ നിന്റെ രക്ഷക്കും വളർച്ചക്കും ആവശ്യമായതൊക്കെയും അവൻ ക്രമീകരിച്ചിട്ടുണ്ട്. ആ വഴി

അമ്പലം, പ്രാദേശിക സഭയുടെ ഒരു ചിത്രമത്രെ. ''കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനം പ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു'' (അ. പ്ര. 2:47). വഴി അമ്പലക്കാരനോടു, നല്ല ശമര്യൻ പറയുന്ന വാക്കുകൾ ശ്രദ്ധേയമാണ്. 'ഇവനെ രക്ഷ ചെയ്യണം' യേശു രക്ഷിച്ച് സഭയിൽ ചേർത്ത വ്യക്തികളെ രക്ഷ ചെയ്യേണ്ടത് വഴി അമ്പലക്കാരന്റെ ചുമതലയാണ്. അവനെ വിശ്വാസത്തിൽ ആരോഗ്യമുള്ളവനായി പത്ഥ്യോപദേശത്തിൽ നിർണ്ണയമുള്ളവനായി കർത്താവിനു കൊള്ളാവുന്നവനായി വളർത്തിക്കൊണ്ടു വരണം. ആരാണ് ഈ വഴിയമ്പലക്കാരൻ ? സഭയുടെ ചുമതലക്കാർ-സഭാശുശ്രൂഷകർ എന്നിവരാണ്. ശമര്യക്കാരൻ വഴി അമ്പലക്കാരന് രണ്ട് വെള്ളിക്കാശ് കൊടുത്തിട്ടാണ് രക്ഷ ചെയ്യണമെന്നു പറഞ്ഞത്. ക്രിസ്തുവിന്റെ സഭയിൽ വഴി അമ്പലക്കാരൻ അപ്പോസ്തലൻമാരും അവരുടെ പിൻഗാമികളായ സഭാശുശ്രൂഷകൻമാരുമാണെങ്കിൽ ഉപദേഷ്ടാക്കൻമാർക്കുള്ള പ്രതിഫലം ഇപ്പോഴും കർത്താവിന്റെ വരവിലും ലഭിക്കും. അധികം വല്ലതും ചിലവിട്ടാൽ ഞാൻ മടങ്ങി വരുമ്പോൾ തന്നുകൊള്ളാം.

പൌലോസ് ദൈവവചനവും പരിശുദ്ധാത്മവരങ്ങളും കൊണ്ടു ശുശ്രൂഷിച്ചു. എന്നാൽ ആ ശുശ്രൂഷയിൽ അവന്റെ ശരീരത്തെ, സമയത്തെ, പണത്തെ, ആരോഗ്യത്തെ ഒക്കെ അവൻ ചിലവിട്ടു. ഇവയെല്ലാം അധികം ചിലവിട്ടതാണ്. ഇതിനൊക്കെയും കർത്താവു പ്രതിഫലം തരും. യേശുകർത്താവ് മടങ്ങിവരും. അധികം ചിലവിട്ടതിനു പ്രതിഫലവുമായി. വരും. നിനയാത്ത നാഴികയിൽ കർത്താവു വരും. ''നമുക്ക് കർത്താവിനെ എതിരേൽപാൻ ഒരുങ്ങാം'' നമ്മുടെ പ്രവൃത്തികളുടെ പ്രതിഫലത്തിനായി ഒരുങ്ങാം (ആമോസ് 4:12).

★

കവിത

# ശാരോനിൻ പുഷ്പം

E. K. തേപ്പുപാറ

മണമുത്തു പൂവിൻ അഴകിൻ അരുകിൽ,
ചുററിപ്പറക്കുന്ന പൂന്തേനിൻവണ്ടേ.
ഇത്തമുണ്ടു മണമുണ്ടു കാണാനഴകുണ്ട്,
തേനില്ലാപ്പൂവെന്നു വണ്ടിനറിയില്ല.

കാററിലുലയുന്ന കാററാടിപ്പൂവേ,
കാണാനഴകുള്ള കുങ്കുമപ്പൂവേ.
മററുള്ള പൂവിനു തേനുണ്ടുവണ്ടേ
മുള്ളിലഞ്ഞീമരപ്പൂവിനു തേനില്ല.

സത്യം പറഞ്ഞാലും വണ്ടിനറിയില്ലാ
പ്രദോഷമാകിലും പോകാൻ മടിക്കുന്ന
വണ്ടിനറിയില്ല തേനില്ലാപ്പൂവെന്ന്,
മുള്ളും നഖവും തറയ്ക്കും പോലുള്ളൊരു.

ഹും കാരശബ്ദം പരത്തുന്നൊരാമരം,
ഒട്ടും വിശേഷമില്ലീമരമെന്നുമോ.
മെത്ത തലയിണ പഞ്ഞികാം തന്നിട്ടും
തേനൂറും വണ്ടിനുദാഹം ശമിക്കുവാൻ,

ശാരോനിൽ നിൽക്കുന്ന വാസനപ്പൂവേ,
ചന്തത്തിൽ നിൽക്കുന്ന താമരപ്പൂവേ,
നിന്നിലെ കാന്തിയും ശോഭയും കണ്ടു കൊണ്ടു-
ല്ലാസമാടുന്ന പാഴ്കരിവണ്ടിന്

എന്നും നുകരുവാൻ നൽതേൻകുഴമ്പിനെ
അൽപം പകരുമെൻ പുന്നാരപ്പൂവേ
വണ്ടിനുതേനുണ്ട് പൂവിനഴകുണ്ട്
കണ്ടാലഴകുള്ള ശാരോനിൻ പുഷ്പമേ.

★

# പ്രവാചകൻ

## J. ഫ്രാൻസിസ്

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

### ദാനിയേൽ

**ബാ**ബേൽ രാജാവായ നെബൂഖദ്നേസർ യഹൂദാ രാജാവായ യെഹോയാക്കിമിനെ യുദ്ധത്തിൽ കീഴ്പ്പെടുത്തി ദൈവത്തിന്റെ ആലയത്തിൽ സൂക്ഷിച്ചിരുന്ന പാത്രങ്ങളം എടുത്തു. അവൻ അതിനെ ശിനാർ ദേശത്തുള്ള തന്റെ ദേവന്റെ ക്ഷേത്രത്തിൽ കൊണ്ടു വച്ചു. രാജാവ് യിസ്രായേൽ മക്കളിൽ രാജസന്തതിയിലും കുലീനൻമാരിലും വച്ചു അംഗഭംഗമില്ലാത്തവരും സുന്ദരൻമാരും, സകല ജ്ഞാനത്തിലും നിപുണൻമാരും അറിവിൽ സമർത്ഥൻമാരും വിദ്യ പരിജ്ഞാനികളും രാജധാനിയിൽ പരിചരിപ്പാൻ യോഗ്യൻമാരും ആയ ചില ബാലൻമാരെ വരുത്തി. കല്ദയാ ഭാഷയും വിദ്യയും പഠിപ്പിക്കുന്നതിനു അവരെ ഷണ്ഡൻമാരിൽ പ്രധാനി ആയ അശ്പെനാസിനെ ഏൽപിച്ചു. അവർക്കു രാജഭോജനത്തിൽ നിന്നും താൻ കുടിക്കുന്ന വീഞ്ഞിൽ നിന്നും നിത്യവൃത്തിക്കു വക നൽകുവാൻ കൽപിച്ചു. മൂന്നു സംവൽസരം വരെ ഇപ്രകാരം ചെയ്യുവാൻ അവൻ ഏർപ്പാടാക്കി, ബാലൻമാരുടെ കൂട്ടത്തിൽ ദാനിയേൽ, ഹനന്യാസ്, മിശായേൽ, അസര്യാവ് എന്നീ നാലു യഹൂദപുത്രൻമാർ ഉണ്ടായിരുന്നു. രാജാവു നൽകുവാൻ കൽപിച്ച ഭക്ഷണം അവരെ അശുദ്ധമാക്കുമെന്നു അവർ ഭയപ്പെട്ടു. കാരണം അതു അവർക്കു നിഷിദ്ധമായിരുന്നു. അതിനാൽ ദാനിയേൽ ഷണ്ഡാധിപനോടു തങ്ങൾക്കു ശാക പദാർത്ഥവും കുടിപ്പാൻ പച്ചവെള്ളവും നൽകുവാൻ ആവശ്യപ്പെട്ടു. എന്നാൽ ഷണ്ഡാധിപൻ

രാജാവിൻെറ കൽപന ലംഘിക്കുവാൻ വിസമ്മതിച്ചു. ദാനിയേൽ അവരുടെ വിചാരകനായി നിയമിച്ച മെൽസറിനോടു അടിയങ്ങൾക്കു പത്തു ദിവസം അടിയങ്ങളെ അശുദ്ധമാക്കാത്ത ഭക്ഷണം നൽകി പരീക്ഷിക്കുവാൻ ആവശ്യപ്പെട്ടു. അവൻ അതു സമ്മതിച്ചു. പത്തു ദിവസം കഴിഞ്ഞു നോക്കിയപ്പോൾ ആ നാലു പേരുടെയും മുഖം രാജഭോജനം ലഭിച്ച ബാലൻമാരുടേതിനേക്കാൾ അഴകുള്ളതും അവർ മാംസപുഷ്ടിയുള്ളവരുമായി കണ്ടു.

അവർ ഭക്ഷണകാര്യത്തിൽ ദൈവത്തോടു വിശ്വസ്തത കാണിച്ചതുകൊണ്ടു ദൈവം അവർക്കു സകല വിദ്യയിലും ജ്ഞാനത്തിലും നിപുണതയും സാമർത്ഥ്യവും കൊടുത്തു. ദാനിയേൽ സകല ദർശനങ്ങളേയും സ്വപ്നങ്ങളേയും സംബന്ധിച്ചു വിവേകി ആയിരുന്നു. കാലം തികഞ്ഞപ്പോൾ രാജാവിൻെറ മുമ്പിൽ അവരെ ഹാജരാക്കി. അവർ നാലു പേർക്കും തുല്യരായി വേറെ ആരും അവരിൽ ഇല്ലായിരുന്നു. അവർ രാജസന്നിധിയിൽ ശുശ്രൂഷക്കു നിന്നു (1-ാം അദ്ധ്യായം).

ഒരു ദിവസം നെബൂഖദ്നേസർ രാജാവു് ഒരു സ്വപ്നം കണ്ടു. രാജ്യത്തിലെ ആർക്കും അതു വിവരിച്ചു കൊടുപ്പാൻ കഴിഞ്ഞില്ല. അതിനാൽ രാജ്യത്തിലെ വിദ്വാൻമാരെ നശിപ്പിക്കുവാൻ രാജാവു് തീരുമാനിച്ചു. അതിൽ ദാനിയേൽ വേദനിച്ചു. സകല രഹസ്യങ്ങളേയും വെളിപ്പെടുത്തുന്ന സ്വർഗ്ഗത്തിലെ ദൈവത്തോടു അവൻ പ്രാർത്ഥിച്ചു. ദൈവം അവനു രഹസ്യം വെളിപ്പെടുത്തി കൊടുത്തു. അവൻ ഇപ്രകാരം രാജാവിനു സ്വപ്നം വ്യാഖ്യാനിച്ചു കൊടുത്തു. ഈ രാജാക്കൻമാരുടെ കാലത്തു സ്വർഗ്ഗസ്ഥനായ ദൈവം ഒരു നാളും നശിച്ചുപോകാത്ത ഒരു രാജത്വം സ്ഥാപിക്കും. ആ രാജത്വം വേറെ ഒരു ജാതിക്കും ഏൽപ്പിക്കപ്പെടുകയില്ല. അതു ഈ രാജത്വങ്ങളെ ഒക്കെയും തകർത്തു നശിപ്പിക്കുകയും എന്നേക്കും നിലനിൽക്കുകയും ചെയ്യും. സ്വപ്നം നിശ്ചയവും അർത്ഥം സത്യ

പ്പൂമാകുന്നുവെന്നു രാജാവു മനസ്സിലാക്കി ദാനിയേലിനോടു പറഞ്ഞു. നീ ഈ രഹസ്യം വെളിപ്പെടുത്തുവാൻ പ്രാപ്തനായതുകൊണ്ടു നിങ്ങളുടെ ദൈവം ദൈവാധി ദൈവവും കർത്താധി കർത്താവും രഹസ്യങ്ങളെ വെളിപ്പെടുത്തുന്നവനും ആകുന്നു സത്യം. കൂടാതെ ദാനിയേലിനെ ബാബേലിലെ അധിപതിയും സകല വിദ്വാൻമാർക്കും പ്രധാന വിചാരകനും ആക്കി വച്ചു. അവന്റെ അപേക്ഷ പ്രകാരം രാജാവ് മററു മൂവരേയും ബാബേലിലെ കാര്യാദികൾക്കു മേൽ വിചാരകരാക്കി. (2-ാം അദ്ധ്യായം)

സത്യം മനസ്സിലാക്കി സത്യദൈവത്തെ ആരാധിക്കേണ്ട രാജാവിനു തെററു സംഭവിച്ചു. അവൻ പൊന്നു കൊണ്ടു ഒരു ബിംബം ഉണ്ടാക്കി. സകലരും അതിനെ നമസ്ക്കരിക്കുവാൻ കൽപിച്ചു. ഹനന്യാസ്, മിശായേൽ അസര്യാവ് ഇവർ കൽപന ലംഘിച്ചതായി അവർ കണ്ടുപിടിച്ചു. അവരെ തീച്ചൂളയിൽ ഇടുവാൻ കൽപിച്ചു. അപ്രകാരം ചെയ്തു തീയിൽ വെന്തുരുകേണ്ട അവർ തീജ്വാലയിൽ ദൈവദൂതനോടൊപ്പം നടക്കുന്നതു രാജാവ് കണ്ടു. അവർക്കു ഒരു നാശവും സംഭവിച്ചതുമില്ല. അതിൽ രാജാവു അതിശയിച്ചു. സത്യദൈവത്തെ ഒരിക്കൽ കൂടി തിരിച്ചറിഞ്ഞു. ആ ദൈവത്തെ തെററു പറയുന്നവരെ ശിക്ഷിക്കുമെന്നു കൽപിച്ചു. അവർക്കു ബാബേലിൽ വീണ്ടും സ്ഥാനമാനങ്ങൾ കൽപിച്ചരുളി (3-ാം അദ്ധ്യായം)

നെബൂഖദ്നേസർ രാജാവ് വീണ്ടും ഒരു സ്വപ്നം കണ്ടു. ദാനിയേൽ മാത്രമേ രാജാവിനു അതു വിവരിച്ചു നൽകിയുള്ളു. അവൻ സ്വപ്നത്തെ കുറിച്ചു ഇപ്രകാരം പറഞ്ഞു. രാജാവ് വർദ്ധിച്ചു ബലവാനായി തീർന്നിരിക്കുന്നു. അങ്ങിൽ അത്യുന്നതനായവന്റെ വിധി വരുന്നു. അങ്ങയെ രാജത്വത്തിൽ നിന്നും നീക്കം ചെയ്യപ്പെടും. വാഴുന്നതു സ്വർഗ്ഗമാകുന്നു എന്നു തിരുമനസ്സുകൊണ്ടു ഗ്രഹിച്ച ശേഷം രാജത്വം തിരുമേനിക്കു സ്ഥിരമാകും. ഇതെല്ലാം ദാനിയേൽ പറഞ്ഞ പ്രകാരം രാജാവിനു സംഭവിച്ചു. (4-ാം അദ്ധ്യായം)

നെബൂഖദ്നേസറിൻെറ മകൻ ബേൽശസ്സർ ആയിരുന്നു. അവൻ ഒരു വലിയ വിരുന്നു നടത്തി. യെരൂശലേം ദേവാലയത്തിൽ നിന്നും കൊണ്ടുവന്നിരുന്ന പൊൻ പാത്രങ്ങളിൽ രാജാവും മഹത്തുക്കളും അവൻെറ ഭാര്യമാരും വെപ്പാട്ടികളും അവയിൽ കുടിച്ചു. പൊന്നും വെള്ളിയും താമ്രവും ഇരുമ്പും കല്ലും കൊണ്ടുള്ള ദേവൻമാരെ സ്തുതിച്ചു. തൽക്ഷണം ഒരു മനുഷ്യ കൈവിരലുകൾ പുറപ്പെട്ടു വിളക്കിനു നേരെ രാജധാനിയുടെ ചുവരിൻെറ വെള്ള മേൽ എഴുതി. എഴുതിയ കൈപ്പത്തി രാജാവു കണ്ടു. അവൻ പരവശനായി തീർന്നു. രാജ്യത്തിൽ ആർക്കും അതു വായിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ ദാനിയേൽ അതു വായിച്ചു. ''മെനേ, മെനേ, തെക്കേൽ, ഊഫർസീൻ'' അതിൻെറ അർത്ഥം അവൻ ഇപ്രകാരം വിവരിച്ചു. മെനേ-ദൈവം നിൻെറ രാജത്വം എണ്ണി. അതിനു അന്തം വന്നിരിക്കുന്നു. തെക്കേൽ_തുലാസിൽ നിന്നെ തൂക്കി. കുറവുള്ളവനായി കണ്ടിരിക്കുന്നു. പെറേസ് നിൻെറ രാജ്യം വിഭാഗിച്ചു മേദ്യർക്കും പാർസികൾക്കും കൊടുത്തിരിക്കുന്നു. അന്നു രാത്രി രാജാവ് മരിച്ചു, ദാര്യാവേശ് രാജത്വം പ്രാപിച്ചു. (അദ്ധ്യായം 5)

രാജാവ് ഭരണസൗകര്യത്തിനായി രാജ്യത്തിലെ ദേശാധിപതികളുടെ മേൽ മൂന്നു അദ്ധ്യക്ഷൻമാരെ നിയമിച്ചു. അതിൽ ഒരുവൻ ദാനിയേൽ ആയിരുന്നു. അവനിൽ കുററം കണ്ടെത്തുവാൻ ദേശാധിപതിമാർ ശ്രമിച്ചു. അവൻ ദൈവത്തിൽ നീതിമാനായിരുന്നതിനാൽ അവർക്കു അതിനു കഴിഞ്ഞില്ല. മുപ്പതു ദിവസത്തേക്കു തിരുമേനിയോടല്ലാതെ യാതൊരു ദേവനോടൊ മനുഷ്യനോടൊ ആരെങ്കിലും അപേക്ഷ കഴിച്ചാൽ അവനെ സിംഹങ്ങളുടെ ഗുഹയിൽ ഇട്ടു കളയും എന്നൊരു നിയമം രാജാവ് ഉണ്ടാക്കി.

★

(ശേഷം അടുത്ത ലക്കത്തിൽ)

# ഏഴ് സഭകൾക്കുള്ള ദൂത്

എം. എസ്. ജോൺ. ഇരിട്ടി

## 7. ലവൊദിക്യ സഭ (വെളി. 3:14-22.)

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

**അ**ത്യാധുനികമായ ജീവിതപ്രതാപങ്ങളുടെ ഉത്തുംഗ ലഹരിയിൽ വാണരുളി മായാജാലസ്വപ്നങ്ങളെ തഴുകി തലോടി ഉന്മാദ പുളകത്തിൽ അലിഞ്ഞുചേരുന്ന സ്നേഹിതാ ! നീ ജീവിതത്തിന്റെ യാഥാർത്ഥ്യത്തിൽ നിന്നും വഴി തെററി വീണിരിക്കയാൽ കർത്താവ് നിന്നെ അവന്റെ വായിൽ നിന്നും ഉമിണ്ണു കളയും. വായിൽ നിന്നും ഉമിണ്ണു കളയുന്ന വസ്തു ഏററവും മോശമാണ്.

ലോകത്തിന്റെ പ്രതാപങ്ങളിലും പ്രൗഢിയിലും പ്രശസ്തിയിലും അഹങ്കരിച്ചുകൊണ്ട് ദൈവത്തെ മറന്നും യേശുക്രിസ്തുവിന്റെ ഉപദേശങ്ങളെ നിഷ്ക്കരുണം ത്യജിച്ചും അതിനോടു കൂട്ടുചേർത്തും യഥാർത്ഥ ആത്മീയ ദർശനം നഷ്ടപ്പെടുത്തിയിരിക്കുന്ന ക്രിസ്തീയ സഭാ സമൂഹങ്ങളേ നിങ്ങളിൽ അന്ധതയുടേയും അജ്ഞതയുടേയും തിമിരം ബാധിച്ചിരിക്കയാണ്. ലവൊദിക്യ പട്ടണത്തിൽ ഭൂമിയുടെ ഉറവുകളിൽ നിന്നും വമിക്കുന്ന മലിന ജലം പോലെ നിങ്ങളിൽ നിന്നും ലോകജനതയ്ക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത് ഏററവും നികൃഷ്ടമായതും അധഃപതിച്ചതുമായ മാതൃകകൾ ആണ്. അതിനാൽ കർത്താവ് നിങ്ങളെ അവന്റെ വായിൽ നിന്നും ഉമിണ്ണു കളയും. നിങ്ങൾ ഓരോരുത്തരും ശീതോഷ്ണവാനോടു തുല്യരായി തീർന്നിരിക്കുന്നു. അജ്ഞതയുടെ ഗർവ്വിൽ അഹങ്കരിക്കുന്ന നിങ്ങളിൽ ദൈവത്തിന്റെ സ്നേഹവും, കരുണയും മനസ്സലിവും, വാൽസല്യവും, ദീർഘക്ഷമയും, ദയയും,

സന്തോഷവും വഴി മാറിപോയിരിക്കുകയാണ്. അവിശ്വസ്തതയും അഹങ്കാരവും നിറഞ്ഞ ലവൊദിക്യ സഭയോട് കർത്താവ് അരുളി ച്ചെയ്യുന്നു. "നിന്നെ എന്റെ വായിൽ നിന്ന് ഉമിണ്ണുകളയും. അപ്രകാരം തന്നെ നിങ്ങൾക്കും വന്നു ഭവിക്കും. ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗത്തിലേക്ക് പോയി, പിതാവായ ദൈവത്തിന്റെ വലത്തു ഭാഗത്ത് ഇരിക്കുന്നവനും, സകല അധികാരങ്ങളും, ശക്തികളും ദൂതൻമാരും അവന് കീഴ്പെട്ടുമിരിക്കുന്ന കർത്താവാണ് നമ്മോടു അരുളിചെയ്തിരിക്കുന്നത്.

"ഞാൻ ധനവാൻ; സമ്പന്നനായിരിക്കുന്നു. എനിക്ക് ഒന്നിന്നും മുട്ടില്ല" (വെളി. 3:17).

ലവൊദിക്യ പട്ടണം വളരെ സമ്പന്നമായിരുന്നു. അതിനു പ്രധാന കാരണം ആ പട്ടണത്തിലെ വിവിധ വ്യവസായം ആയിരുന്നു. സമ്പന്നമായ നഗരത്തിലെ ക്രിസ്തുവിന്റെ സഭ ഭൗതിക ധനത്തിന്റെ സംഭാവനയായിരുന്നു, ലവൊദിക്യ സഭയുടെ സമ്പന്നതയിൽ അവ സ്വയം പ്രശംസിക്കയും ചെയ്യുന്നു. ആത്മപ്രശംസ വളരെ നിന്ദ്യവും ആത്മഹത്യാപരവുമാണ്. അത് ജഢികവും ലജ്ജാകരവുമാണ്.

ബാബിലോൺ സാമ്രാജ്യത്തിന്റെ ശക്തി കേന്ദ്രവും അതീവപ്രശസ്തനും ആയിരുന്ന നെബുഖദ്നേസർ രാജാവ്, തന്റെ പ്രതാപത്തിൽ സ്വയം പ്രശംസിച്ചിരുന്നു. രാജാവ് ബാബേലിലെ രാജമന്ദിരത്തിൻമേൽ ഉലാത്തിക്കൊണ്ടു പ്രതിവചിച്ചത് "ഇതു ഞാൻ എന്റെ ധനമഹാത്മ്യത്താൽ, എന്റെ പ്രതാപമഹത്വത്തിന്നായിട്ട് രാജധാനിയായി പണിത മഹതിയാം ബാബേൽ അല്ലയോ" (ദാനി. 4: 30). എന്നാൽ ഈ വാക്ക് രാജാവിന്റെ വായിൽ ഇരിക്കുമ്പോൾ തന്നേ സ്വർഗ്ഗത്തിൽ നിന്നും ദൈവം അരുളിചെയ്തു. "നെബുഖദ്നേസർ രാജാവേ, നിന്നോട് ഇതു കൽപിക്കുന്നു. രാജ്യത്വം നിന്നെ വിട്ടു നീങ്ങിയിരിക്കുന്നു.

നിന്നെ മനുഷ്യരുടെ ഇടയിൽ നിന്നു നീക്കിക്കളയും; നിൻെറ പാർപ്പു കാട്ടിലെ മൃഗങ്ങളോടുകൂടെ ആയിരിക്കും. നിന്നെ കാളയെപ്പോലെ പുല്ലു തീററും'' (ദാനി. 4:31, 32). നെബുഖദ്നേസർ രാജാവിൻെറ ആത്മപ്രശംസ അവൻെറ ഏററവും നികൃഷ്ടമായ അധഃപതനത്തിന് ദൈവം ഇടയാക്കി തീർത്തു. ''അവൾ തന്നെത്താൻ മഹത്വപ്പെടുത്തി പുളെച്ചേടത്തോളം അവൾക്ക് പീഡയും ദുഃഖവും കൊടുപ്പിൻ. രാജ്ഞിയായിട്ടു ഞാൻ ഇരിക്കുന്നു. ഞാൻ വിധവയല്ല; ദുഃഖം കാൺകയുമില്ല എന്ന് അവൾ ഹൃദയം കൊണ്ടു പറയുന്നു. അതു നിമിത്തം മരണം, ദുഃഖം, ക്ഷാമം എന്നിങ്ങനെ അവളുടെ ബാധകൾ ഒരു ദിവസത്തിൽ തന്നേ വരും. അവളെ തീയിൽ ഇട്ടു ചുട്ടുകളയും, അവളെ ന്യായം വിധിച്ച ദൈവമല്ല കർത്താവു ശ്രക്തനല്ലോ ! (വെളി. 18:7, 8). ''അഹങ്കാരി ഇടറി വീഴും; ആരും അവനെ എഴുന്നേൽപിക്കയില്ല; ഞാൻ അവൻെറ പട്ടണങ്ങൾക്കു തീ വെക്കും അതു അവൻെറ ചുററുമുള്ള എല്ലാവരേയും ദഹിപ്പിച്ചുകളയും'' (യിരെ 50:32). ''നീ നിൻെറ ദുഷ്ടതയിൽ ആശ്രയിച്ചു. ആരും എന്നെ കാണുന്നില്ല എന്നു പറഞ്ഞുവല്ലോ; നിൻെറ ജ്ഞാനവും നിൻെറ വിദ്യയും നിന്നെ തെററിച്ചു കളഞ്ഞു; ഞാൻ മാത്രം; എനിക്കു തുല്യമായി മററാരും ഇല്ല എന്നു നീ നിൻെറ ഹൃദയത്തിൽ പറഞ്ഞു'' (യെശ. 47:10). എഫ്രയീമും അതുപോലെ സ്വയം പ്രശംസിച്ചവനായിരുന്നു. ''ഞാൻ സമ്പന്നനായി തീർന്നു എനിക്കു ധനം കിട്ടിയിരിക്കുന്നു. എൻെറ സകല പ്രയത്നങ്ങളിലും പാപമായ യാതൊരു അകൃത്യവും എന്നിൽ കണ്ടെത്തുകയില്ല'' (ഹോശേയ 12:8). എഫ്രയീം യഹോവയെ ഏററവും കോപിപ്പിച്ചു. ''ആകയാൽ അവൻെറ കർത്താവ് അവൻെറ രക്തത്തെ അവൻെറ മേൽ വെച്ചേക്കുകയും അവൻെറ നിന്ദെക്കു തക്കവണ്ണം അവനു പകരം കൊടുക്കയും ചെയ്തു'' (ഹോശേയ. 12:4). എഫ്രയിം വംശം യഹോവയോട് അധികമധികം പാപം ചെയ്തിരുന്നു. അവർ വെള്ളി കൊണ്ട് ബിംബങ്ങളെയും ബോധി

ച്ചതുപോലെ വിഗ്രഹങ്ങളെയും ഉണ്ടാക്കി വിഗ്രഹങ്ങളോടു അവർ സംസാരിക്കയും, ബലി കഴിക്കുന്ന മനുഷ്യർ, കാളക്കിടാങ്ങളെ ചുംബിക്കയും ചെയ്തിരുന്നു. അതിനാൽ യഹോവ അവരോട് അരുളി ചെയ്തു. ''അവർ പ്രഭാതമേഘം പോലെയും കാലത്തെ ഒഴിഞ്ഞുപോകുന്ന മഞ്ഞുപോലെയും, കളത്തിൽ നിന്നു കൊടുങ്കാററു പറപ്പിക്കുന്ന പതിർ പോലെയും ഇരിക്കും'' (ഹോശേയ 13:3).

ആത്മപ്രശംസ അഥവാ സ്വയം പ്രശംസിക്കുന്നത് പാപം ആണ്. സ്വയം പ്രശംസിക്കുന്നവർ അന്ധന്മാരും പരിജ്ഞാനമോ, വിവേകമോ ഇല്ലാത്തവരും ദൈവീകമഹത്വത്തെ ത്യജിച്ചു കളയുന്നവരുമാണ്. സഭകളിലും, സമൂഹങ്ങളിലും ഇത്തരക്കാരെ സാധാരണയായി കണ്ടുവരുന്നുണ്ട്. ദൈവമഹത്വത്തിന് വചനാനുസരണം ഒന്നും ചെയ്യാതെ, അൽപം എന്തെങ്കിലും ഒന്നു ചെയ്തിട്ട് വിളിച്ചു പറയുന്നവരും കണക്കു പറയുന്നവരും സ്വയം പ്രശംസക്കാരാണ്. യഹോവ അരുളി ചെയ്യുന്നതു ''ജ്ഞാനി തന്റെ ജ്ഞാനത്തിൽ പ്രശംസിക്കരുത്. ബലവാൻ തന്റെ ബലത്തിൽ പ്രശംസിക്കരുത്. ധനവാൻ തന്റെ ധനത്തിലും പ്രശംസിക്കരുത്. പ്രശംസിക്കുന്നവനോ യഹോവയായ ഞാൻ ഭൂമിയിൽ ദയയും ന്യായവും നീതിയും പ്രവർത്തിക്കുന്നു എന്നിങ്ങനെ എന്നെ ഗ്രഹിച്ചറിയുന്നതിൽ തന്നേ പ്രശംസിക്കട്ടെ. ഇതിൽ അല്ലോ എനിക്കു പ്രസാദമുള്ളത്'' (യിരെ. 9:23-24),

മുഖസ്തുതി പറയുകയും, ആത്മപ്രശംസ നടത്തുകയും ചെയ്യുന്നത് യഥാർത്ഥമായവയെ മറച്ചുപിടിക്കുന്ന വർണ്ണഭംഗിയുള്ള മറശീലകളാണ്. മററുള്ളവരെ പ്രീതിപ്പെടുത്തി കാര്യങ്ങൾ സാധിച്ചെടുക്കുന്നതിനുള്ള വഞ്ചനാത്മകമായ ഒരു തന്ത്രമാണ്.

★

(ശേഷം അടുത്ത ലക്കത്തിൽ)

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggie Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9.00 to 9.15 P M.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.
All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12.45 to 1.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.
Fridays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam
All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2.30 to 2.45 P.M.
Tuesdays — 2.30 to 2.45 P.M.
Thursdays — 2.30 to 2.45 P.M.
Fridays — 2.30 to 2.45 P.M.
Saturdays — 2.30 to 2.45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.
All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5.30 to 5.45 P M.
Thursdays — 6 45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese
All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays — 3.45 to 4.00 p.m.

**KANNADA**—The Voice of Truth—Speaker : Robert Rathnakar—Box. 448, Bangalore—560004
Sundays — 1.45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend
Services and Cible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695034
Phone : 443378

To